# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മമ്പാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം. 10/1403/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 29/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മമ്പാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം. 10/1403/22 തീയ്യതി: 29/06/2022

## മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-03-2022 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-06-2022 | 18-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-06-2022 | 18-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ ജലീൽ.ടി.പി, ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് സലീം.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അസീന.എ.പി , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.യൂസുഫ്.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൽ അലി.കുന്നൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശമീന കാഞ്ഞിരാല. | പ്രസിഡന്റ് | 01-04-2020 | 18-12-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 19-12-2020 | 30-12-2020 |
| ശ്രീ.ശ്രീനിവാസൻ.സി | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ശ്രീ.അവിസന്ന.പി | സെക്രട്ടറി | 01-04-2020 | 07-09-2020 |
| | | 17-02-2021 | 31-03-2021 |
| ശ്രീമതി ലത.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-09-2020 | 16-09-2020 |
| | | 09-02-2021 | 16-02-2021 |
| ശ്രീ.ഹുസൈൻ.എം.എ | സെക്രട്ടറി | 17-09-2020 | 08-02-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മുരളീധരൻ കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 03-04-2020 |
| ശ്രീമതി.സരിത.വി.എം | അസിസ്റ്റന്റ് സെക്രട്ടറി ഇൻ-ചാർജ് | 04-04-2020 | 15-06-2020 |
| ശ്രീ.നാസർ.പി | അസിസ്റ്റന്റ് സെക്രട്ടറി ഇൻ-ചാർജ് | 16-06-2020 | 17-06-2020 |
| ശ്രീ.അലി ഫൈസൽ.കെ.ടി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 11-10-2020 |
| ശ്രീമതി അഞ്ജു ചന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 12-10-2020 | 31-03-2021 |
| ഡോ.ധന്യശ്രീ.പി | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.അബ്ദുൽ നാസർ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ശ്രീ.ഷിഹാദ്.എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സൂരജ്.സി | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി മൃദുല.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 06-12-2020 |
| ശ്രീമതി രോഹിണി നെല്ലിശേരി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 07-12-2020 | 31-03-2021 |
| ശ്രീ.പ്രശാന്ത്.എൻ.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജയമ്മ മാത്യു | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി.ലത.പി | അസിസ്റ്റന്റ് സെക്രട്ടറി | 18-06-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്<br>Written By: Abdul Ali Kunnan (Auditor, On 16-06-2022)<br>Last Updated By: Muhammed Saleem T (Asst. Audit Officer, On 18-06-2022) | 1-1 |
| 2 | വാര്‍ഷിക ധനകാര്യപത്രിക.<br>Written By: Abdul Ali Kunnan (Auditor, On 16-06-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 16-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Abdul Ali Kunnan (Auditor, On 16-06-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 16-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം 2020-21 (ACR പ്രകാരം)<br>Written By: Abdul Ali Kunnan (Auditor, On 16-06-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 16-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul Ali Kunnan (Auditor, On 16-06-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 16-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Abdul Ali Kunnan (Auditor, On 16-06-2022)<br>Last Updated By: Unni.P (Deputy Director, On 25-06-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികള്‍.<br>Written By: Abdul Ali Kunnan (Auditor, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 25-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Abdul Ali Kunnan (Auditor, On 18-06-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 18-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhammed Saleem T (Asst. Audit Officer, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1- 9 |
| 10 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം<br>Written By: Abdul Ali Kunnan (Auditor, On 18-06-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 18-06-2022) | 1-10 |
| 11 | വാര്‍ഷിക കണക്ക് പരിശോധന- അപാകതകള്‍<br>Written By: ASEENA.A.P (Asst. Audit Officer, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 25-06-2022) | 1-11 |
| 12 | തരം മാറ്റിയ ഭൂമിയിലെ കെട്ടിട നിര്‍മ്മാണം - അധികരിച്ച നിര്‍മ്മാണത്തിന് ഫീ ഈടാക്കിയില്ല.<br>Written By: Abdul Ali Kunnan (Auditor, On 19-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-12 |
| 13 | കെട്ടിട നിര്‍മ്മാണം - കണ്‍സെന്റ് അനുവദിക്കപ്പെട്ട കെട്ടിടത്തിലെ അനധികൃത നിര്‍മ്മാണം സംബന്ധിച്ച്.<br>Written By: Abdul Ali Kunnan (Auditor, On 19-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-13 |
| 14 | കെട്ടിട നികുതി -ചുമത്തിയതില്‍ കുറവ്.<br>Written By: Abdul Ali Kunnan (Auditor, On 19-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-14 |
| 15 | കെട്ടിടത്തിന് നമ്പറിംഗ് - കെ.പി.ബി.ആര്‍ പാലിക്കാതെ അധികം നിര്‍മ്മിച്ച കെട്ടിടത്തിന് നമ്പര്‍ നല്‍കി.<br>Written By: Abdul Ali Kunnan (Auditor, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-15 |
| 16 | കെട്ടിട നികുതി - കുറഞ്ഞ നിരക്ക് ഈടാക്കി<br>Written By: Abdul Ali Kunnan (Auditor, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 25-06-2022) | 1-16 |

| | | |
|---|---|---|
| 17 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 19-06-2022)<br>Last Updated By: T.P.Abdul Jaleel (Audit Officer, On 19-06-2022) | 1-17 |
| 18 | മരുന്നുകൾ ലഭ്യമായില്ല<br>Written By: Yousuf.P (Asst. Audit Officer, On 20-06-2022)<br>Last Updated By: Yousuf.P (Asst. Audit Officer, On 20-06-2022) | 1-18 |
| 19 | മരാമത്ത് പ്രവൃത്തികളിലെ അധിക ചെലവ്- 25541 രൂപ തിരിച്ചടച്ചു.<br>Written By: T.P.Abdul Jaleel (Audit Officer, On 19-06-2022)<br>Last Updated By: Unni.P (Deputy Director, On 25-06-2022) | 1-19 |
| 20 | സാക്ഷരത പ്രേരക് ഹോണറേറിയം തിരികെ ലഭ്യമാക്കുന്നതിനു തുടർനടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Muhammed Saleem T (Asst. Audit Officer, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-20 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Abdul Ali Kunnan (Auditor, On 18-06-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 18-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Abdul Ali Kunnan (Auditor, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 25-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Abdul Ali Kunnan (Auditor, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 25-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Abdul Ali Kunnan (Auditor, On 18-06-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 18-06-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: ASEENA.A.P (Asst. Audit Officer, On 18-06-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 18-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Abdul Ali Kunnan (Auditor, On 18-06-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 18-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Abdul Ali Kunnan (Auditor, On 18-06-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 18-06-2022) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Abdul Ali Kunnan (Auditor, On 18-06-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 18-06-2022) | 4-8 |
| 9 | ഓഡിറ്റ് റിക്കവറി<br>Written By: Abdul Ali Kunnan (Auditor, On 18-06-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 18-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul Ali Kunnan (Auditor, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 25-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Abdul Ali Kunnan (Auditor, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 25-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1), 17.03.2020 | 1(1) 24.02.2021 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31 .07.2021 | 13 .08.2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23941393 |
| വരവ് | 131214834 |
| ആകെ | 155156227 |
| ചെലവ് | 129341155 |
| നീക്കിയിരിപ്പ് | 25815072 |

### 1-4 ഫണ്ട് വിനിയോഗം 2020-21 (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19951468 | 19951468 | 18195691 | 1755777 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9647099 | 9647099 | 8621664 | 1025435 |
| വികസനഫണ്ട് ടി.എസ്.പി | 0 | 2576134 | 2576134 | 2222898 | 353236 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10754000 | 10754000 | 10729022 | 24978 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5426554 | 5426554 | 5419962 | 6592 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 15838926 | 15838926 | 12094391 | 3744535 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 7520000 | 7520000 | 4431712 | 3088288 |
| ബി ഫണ്ട് | 0 | 93504120 | 93504120 | 93504120 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 386 | 165758503 | 313 | 111166397 | 11 | 62 | 67% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 294169 | 1977765 | 2271934 | 2259941 | 11993 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 44869000 | 44869000 | 44869000 | 0 |

### 1-7 ക്ഷേമ പദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 36720 | 51 |

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 7054900 | 346 |
| വിധവാ പെൻഷൻ | 30877600 | 1457 |
| വാർദ്ധക്യകാല പെൻഷൻ | 43581700 | 2666 |
| വികലാംഗ പെൻഷൻ | 10869000 | 617 |
| പെൻഷൻ- 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്ക് | 784200 | 58 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.06.2022 ന് 3.30 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 6220/-രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1- 9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി) പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
3. ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. എന്നാൽ പി.എച്ച്.സി മെഡിക്കൽ ഓഫീസർ ഐ.സി.ഡി.എസ്. സൂപ്പർ വൈസർ, ഹെഡ് മാസ്റ്റർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.02.2022 | 01.12.2021 മുതൽ 31.01.2022 വരെ | 19.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.08.2016 മുതൽ | 2011-12 മുതൽ 2015-16 വരെ | 07.10.2016 |

## 1-11 വാർഷിക കണക്ക് പരിശോധന- അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ ILGMS നടപ്പിലാക്കിയത് സാമ്പത്തിക വർഷത്തിന്റെ ഇടക്ക് 07.10.2020 ലാണ്. 06.10.20 വരെയുള്ള സാഖ്യയിൽ തയ്യാറാക്കിയ സാമ്പത്തിക ഇടപാടുകളുടെ ആകെ ഡാറ്റാ PDE (Past Data Entry) പ്രക്രിയയിലൂടെ ILGMS ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വാർഷിക കണക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കാഷ് ബുക്കിനു പകരം കാഷ് ബുക്ക് സമ്മറിയാണ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നത്. 2001 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 5,6 കുറിപ്പ് പ്രകാരം ഇലക്ട്രോണിക് സ്റ്റോറേജ് സംവിധാനം പൂർണ്ണമായി നടപ്പാക്കുന്നതുവരെ ഓരോ ദിനാന്ത്യത്തിനും ക്യാഷ് ബുക്കിന്റെയും ബാങ്ക് ബുക്കിന്റെയും അതതു ദിവസത്തെ പ്രിന്റൗട്ട് എടുത്ത് ഇടപാടുകൾ ഒത്തുനോക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്ത് സൂക്ഷിക്കേണ്ടതാണ്.

2) B-4ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിൽ ബാധ്യതയായി ബുക്ക് ചെയ്തിട്ടുള്ളത് 233069/-രൂപയാണ്. എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പ് (RP-40b, B-17) 388416/- രൂപയാണ്. B-4ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3) B-4ഷെഡ്യൂളിൽ Beneficiary Contribution ഇനത്തിൽ 112959/-രൂപ ബാലൻസ് ഉണ്ട്. ഈ ഇനത്തിൽ പിരിച്ചെടുത്ത തുക പൂർണ്ണമായി ചെലവഴിക്കാത്ത പ്രോജക്ടുകളുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

4) MGNREGA ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലെ(10516) 31.03.21ലെ നീക്കിയിരിപ്പ് (RP-40(b), B-17) 11993/-രൂപയാണ്. എന്നാൽ B-4ഷെഡ്യൂളിൽ ഈ ഇനത്തിലെ ഗ്രാന്റ് ബാധ്യതയായി ബുക്ക് ചെയ്തിരിക്കുന്നത് 9993/-രൂപയാണ്. 100 തൊഴിൽ ദിനങ്ങൾ

പൂർത്തിയാക്കിയവർക്ക് നൽകിയ പാരിതോഷികം 2000/-രൂപ തിരികെ അക്കൗണ്ടിൽ വന്നതാണ് വ്യത്യാസത്തിന് കാരണം. പ്രസ്തുത തുക പിന്നീട് വിതരണം ചെയ്തിട്ടുണ്ട്.

5) വിവിധ നിക്ഷേപ പ്രവൃത്തികൾക്ക് KWAയിലേക്ക് 210000/-രൂപയും KSEBയിലേക്ക് 55858/-രൂപയും മുൻകൂർ നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പ്രസ്തുത ചെലവുകൾ Advance To Implementing Agencies എന്ന ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിന് പകരം വിവിധ ചെലവ് ഹെഡുകളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

6) താഴെ പറയുന്ന അക്കൗണ്ടുകളുടെ ILGMS ബാങ്ക് ബുക്ക് പ്രകാരമുള്ള 31.03.21ലെ നീക്കിയിരിപ്പും വാർഷിക കണക്കിലെ RP-40(b) പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് | ബാങ്ക് ബുക്ക് ക്ലോസിംഗ് ബാലൻസ് | RP-40(b) ക്ലോസിംഗ് ബാലൻസ് |
|---|---|---|
| 67387968417-SBI E-payment | 2007074 | 1289759 |
| TSB-799013000000578 | 1600000 | 800000 |
| 40163101007790-KGB | 85406 | 82848 |

7) സെക്ഷനുകളിൽ സൂക്ഷിച്ചിട്ടുള്ള പെർമിറ്റ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവയിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ AFS മായി ഈ ഇനങ്ങളിലെ തുകകൾ ഒത്തു നോക്കാൻ കഴിഞ്ഞിട്ടില്ല.

8) KURDFC വായ്പ- വായ്പ തിരിച്ചടവ് സംബന്ധിച്ച ആധികരിക രേഖകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. AFS പ്രകാരം ഈ ഇനത്തിലെ കണക്കുകൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക | 19935369 |
| തൻവർഷം ലഭിച്ച വായ്പ തുക | 1736000 |
| ആകെ | 37295369 |
| തൻവർഷം തിരിച്ചടച്ചത് | 2017379 |
| വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക | 35277990 |

ലഭ്യമാക്കിയ വായ്പ രജിസ്റ്ററിൽ വായ്പ തിരിച്ചടവിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ലൈഫ് ഭവന പദ്ധതി ലോൺ തിരിച്ചടവ് ജനറൽ, എസ്.സി ജി.ഒ പ്രോജക്ടുകൾ പ്രകാരം വായ്പ തിരിച്ചടവ് ഉറവിടത്തിൽ നിന്ന് കുറവ് ചെയ്തിട്ടുള്ളത് (സുലേഖ ചെലവു പത്രിക പ്രകാരം) 2020079രൂപയാണ്. ആയതിനാൽ വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക 35275290 ആണെന്ന് കാണുന്നു. 2700രൂപയുടെ വ്യത്യാസം കാണുന്നു. വ്യത്യാസം വിശദമാക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/20-21/17-05-20222 )

## 1-12 തരം മാറ്റിയ ഭൂമിയിലെ കെട്ടിട നിർമ്മാണം - അധികരിച്ച നിർമ്മാണത്തിന് ഫീ ഈടാക്കിയില്ല.

മമ്പാട് വില്ലേജ് സർവേ നം.82/119-3 ൽ പെട്ട ഭൂമിയിൽ വാണിജ്യാവശ്യത്തിനായുള്ള 888 ച.മീ ഉള്ള(4 നിലകളിലായി) കെട്ടിടം നിർമിക്കുന്നതിന് 20/01/2021 ന് 2145/2020 നമ്പറായി പഞ്ചായത്ത് കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പെരിന്തൽമണ്ണ സബ് കലക്ടറുടെ 27/07/2020 ലെ RDOPTM/494/2020-M1 നമ്പർ ഉത്തരവ് പ്രകാരം ചില ഉപാധികൾക്ക് വിധേയമായി 07.18 ആർ ഭൂമിയിൽ 8955 ചതുരശ്ര അടിയിൽ വാണിജ്യ കെട്ടിട നിർമ്മാണത്തിനായി (618957 രൂപ ഫീ അടവാക്കി- ചലാൻ നമ്പർ KL00414134920202IM തുക) അനുമതി നൽകുകയുണ്ടായി.

ടി ഉത്തരവ് ഉപാധി നമ്പർ 6 പ്രകാരം 8955 ച.അടി യിൽ അധികരിച്ച് വരുന്ന ഓരോ ച.അടിക്കും 100 രൂപ നിരക്കിൽ ഫീ ഈടാക്കേണ്ടതും ഇക്കാര്യം പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ് എന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യം ഉറപ്പ് വരുത്താതെയാണ് 9555 ച.അടിക്ക് പഞ്ചായത്ത് നിർമ്മാണാനുമതി നൽകിയിരിക്കുന്നത്. അധികരിച്ച് വന്ന600 ചതുരശ്ര അടിയുടെ ഫീ യായ 60000 രൂപ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതും , അല്ലെങ്കിൽ നിശ്ചിത തുക ഈടാക്കാതെ നിർമ്മാണാനുമതി നൽകിയതിന്

വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.
(ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/20-21 തി.17-06-22) നൽകിയ മറുപടിയിൽ കെട്ടിട നിർമ്മാണാം അനുവദിക്കപ്പെട്ട പരിധിയിൽ പരിമിതപ്പെടുത്തുമെന്നുള്ള കെട്ടിട ഉടമയിൽ നിന്നുള്ള സമ്മത പത്രം ഹാജരാക്കുകയും നമ്പർ അനുവദിക്കുന്ന സമയത്ത് ഇക്കാര്യം പരിശോധിച്ച് ഉറപ്പ് വരുത്തും എന്നാണ് അറിയിച്ചിട്ടുള്ളത്.)

ബിൽഡിംഗിന് നമ്പർ അനുവദിക്കുന്ന സമയത്ത് ഇക്കാര്യം ശ്രദ്ധിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 കെട്ടിട നിർമ്മാണം - കൺസെന്റ് അനുവദിക്കപ്പെട്ട കെട്ടിടത്തിലെ അനധികൃത നിർമ്മാണം സംബന്ധിച്ച്.

2020-21 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഫയലുകൾ പരിശോധിച്ചതിൽ മമ്പാട് ഗ്രാമ പഞ്ചായത്ത് വാർഡ് 12 ൽ സ.നം 226/3-14-1, 226/3-25-1, 226/3-14,226/3-2 ഭൂമിയിൽ ഷുക്കൂർ തയ്യിൽ മുതൽ പേരുടെ ഉടമസ്ഥതയിൽ നിർമ്മിച്ച വാണിജ്യ ഗണത്തിൽ പെടുന്ന 3 കെട്ടിടങ്ങളിൽ (ആകെ വിസ്തീർണ്ണം 939.83 M2) എ) കെട്ടിട നമ്പർ 1 ന് ഗ്രൌണ്ട്ഫ്ലോർ , ഫസ്റ്റ് ഫ്ലോറുകളിലായി 12/176 A മുതൽ 12/176 Z വരെയും (501.57 M2) ബി) കെട്ടിട നമ്പർ 2 ന് 12/176 AA മുതൽ 12/176 AJ വരെയും (214.39 M2) സി) കെട്ടിട നമ്പർ 3 ന് 12/176 AK മുതൽ 12/176 AT വരെയും (223.87 M2) നമ്പറുകൾ അനുവദിച്ച് കൊണ്ട് 2020-21 രണ്ടാം അർദ്ധവർഷം മുതൽ വസ്തു നികുതി ഈടാക്കി വരുന്നുണ്ട്.

ഫയൽ പരിശോധിച്ചതിൽ കെട്ടിട നമ്പർ 1 ന്റെ കെ.പി.ബി.ആർ ചട്ട പ്രകാരം അതിരിൽ നിന്നുള്ള അകലമോ (ലഭ്യമായത് 60 Cm ) ,അങ്ങനെയില്ലാത്ത സംഗതികളിൽ വേണ്ട തൊട്ടടുത്ത സ്ഥലമുടമയിൽ നിന്നുള്ള കൺസെന്റോ ഇല്ല. ഇത് സംബന്ധിച്ച് സ്ഥല പരിശോധന നടത്തിയതിൽ പ്ലോട്ടിന്റെ അതിരില് നിന്നും പ്ലാനിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള (60CM) അകലം മാത്രമേയുള്ളൂ എന്നും ടി കെട്ടിടത്തിന്റെ രണ്ടാം നില നിർമ്മാണ പൂർത്തിയാക്കിയിട്ടുണ്ടെന്നും , ഇതൊന്നിച്ച് നമ്പർ നൽകിയ മറ്റ് രണ്ട് കെട്ടിടങ്ങളിലും രണ്ടാം നില നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ബോധ്യപ്പെട്ടു.

ഇത് സംബന്ധിച്ച് ചുവടെ ചേർത്ത വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1) തൊട്ടടുത്ത ഭൂ ഉടമയിൽ നിന്നുള്ള കൺസെന്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ അത്.

2) കെട്ടിട നമ്പർ 1ലെ രണ്ടാം നിലയിലെ നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് പെർമിറ്റോ നമ്പറോ അനുവദിച്ചിട്ടുണ്ടോ? കെട്ടിട നമ്പർ, നികുതി വിവരങ്ങൾ(ഫോം6) ലഭ്യമാക്കുക.

3) പ്ലോട്ടിൽ നിലവിലുള്ള മറ്റ് രണ്ട് വാണിജ്യ കെട്ടിടങ്ങളുടെയും പുതുതായി പണിത രണ്ടാം നിലകൾക്കും ഗ്രാമപഞ്ചായത്ത് നമ്പർ അനുവദിച്ചിട്ടുള്ളതാണോ? ഓരോ നിലകളിലെയും കെട്ടിട നമ്പർ, നികുതി വിവരങ്ങൾ(ഫോം6) ലഭ്യമാക്കുക.

(മേൽ വിവരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.05/20-21 തി.17-06-2022) നൽകിയ മറുപടിയിൽ തൊട്ടടുത്തുള്ള ഭൂ ഉടമസ്ഥന്റെ കൺസെന്റ് ഹാജരാക്കുകയും , പുതുതായി പണിത കെട്ടിട ഭാഗത്തിന് പഞ്ചായത്തിൽ നിന്നുള്ള നിർമ്മാണാനുമതിയോ നമ്പറോ അനുവദിച്ചിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത് )
അങ്ങനെയെങ്കിൽ പ്ലോട്ടിൽ അനധികൃത നിർമ്മാണങ്ങൾ നടന്നിട്ടുണ്ട്. നിയമപ്രകാരമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും നിയമപ്രകാരമുള്ള നികുതിക്ക് പുറമെ അതിന്റെ രണ്ട് ഇരട്ടി കൂടി ഈടാക്കാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം പാലിക്കുന്നവെങ്കിൽ കെട്ടിട നിർമാണം ക്രമവൽകരിച്ച് വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും കെട്ടിടം പ്രവർത്തനക്ഷമമായതു മുതൽ ക്രമവൽകരണം നടത്തുന്നതു വരെ കെട്ടിടത്തിന് U/A നമ്പർ നൽകി ചട്ടപ്രകാരമുള്ള മൂന്ന് ഇരട്ടി നികുതി ഈടാക്കേണ്ടതുമുണ്ട്. അല്ലായെങ്കിൽ നിയമപരമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 കെട്ടിട നികുതി -ചുമത്തിയതിൽ കുറവ്.

മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ അസസ്മെന്റ് രജിസ്റ്റർ , സഞ്ചയ വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത കെട്ടിടത്തിന്റെ നികുതിയിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്താത്തതിനാൽ ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ ന. | കെട്ടിട നമ്പർ (നികുതി ചുമത്തിയത്) | പേര് | കെട്ടിടത്തിന്റെ വിസ്തീർണ്ണം | കെട്ടിടത്തിന്റെ തരം, ഈടാക്കിയ നികുതി നിരക്ക് | ഈടാക്കിയതുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | 8/428 A (20/21 ഒ ന്നാം അർദ്ധവർഷം) | മദർ മോനിക്ക SIC, ബഥനി കോൺവെന്റ് | 616 M2 | വിദ്യഭ്യാസം, 5 | 3234 (+എൽ.സി 5%) | 3880 (+റോഡിന്റെ തരമനുസരിച്ചുള്ള 20%വർദ്ധന ) (+എൽ.സി 5%) | 646 |
| | | | ആകെ. | | | | 646 |

നികുതി പുന:നിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം .12/20-21 തി.18-06-2022)

## 1-15 കെട്ടിടത്തിന് നമ്പറിംഗ് - കെ.പി.ബി.ആർ പാലിക്കാതെ അധികം നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകി.

2020-21 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഫയലുകൾ പരിശോധിച്ചതിൽ മമ്പാട് ഗ്രാമ പഞ്ചായത്ത് വാർഡ് 3 ൽ സ.നം 82/192/1-2, 82/192/1-1 ൽ സ്റ്റാൻലി പുതുശേരി എന്നയാളുടെ ഉടമസ്ഥതയിൽ നിർമ്മിച്ച വാണിജ്യ ഗണത്തിൽ പെടുന്ന കെട്ടിടത്തിന് (ആകെ വിസ്തീർണ്ണം 257.1 M2) 3/402 ABCD നമ്പറുകൾ അനുവദിച്ച് കൊണ്ട് 2020-21 രണ്ടാം അർദ്ധവർഷം മുതൽ വസ്തു നികുതി ഈടാക്കി വരുന്നുണ്ട്.

ഫയൽ പരിശോധിച്ചതിൽ , ലഭിച്ച ഈ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം സ്ഥല പരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ നൽകിയ റിപ്പോർട്ട് പ്രകാരം ഗ്രൌണ്ട് ഫ്ലോറിൽ 147. 6 M2 ഉം ഫസ്റ്റ് ഫ്ലോറിൽ 25.8 M2 ഉം അടക്കം 173.4 M2 നിർമ്മാണം കെ.പി.ബി.ആർ ചട്ട പ്രകാരം ആണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് . (26/7/2018 ലെ A2-BA(24056)/2018 നമ്പർ പെർമിറ്റ് പ്രകാരം 549.3 M2 വാണിജ്യാവശ്യത്തിനായുള്ള കെട്ടിട നിർമ്മാണാനുമതി).

അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ട് പ്രകാരം 173.4 M2 കെട്ടിടമാണ് ചട്ട പ്രകാരം നിർമ്മിച്ചതെന്നിരിക്കെ 257.1 M2 കെട്ടിട നിർമ്മാണത്തിന് നമ്പർ അനുവദിച്ചിട്ടുണ്ട്.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.13/20-21 തി.18-06-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-16 കെട്ടിട നികുതി - കുറഞ്ഞ നിരക്ക് ഈടാക്കി

മമ്പാട് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത വസ്തു നിരക്ക് പ്രകാരം 100 ച.മീറ്ററിൽ കുറവുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിരക്ക് ച.മീറ്ററിന് 30 രൂപയും, 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിരക്ക് ച.മീ. ന് 50 രൂപയും , 200 ച.മീറ്ററിന് മുകളിലുള്ള ഷോപ്പിംഗ് മാളുകൾ ,സൂപ്പർ മാർക്കറ്റ് ഇനത്തിലുള്ള കെട്ടിടങ്ങളുടെ നികുതി നിരക്ക് ച.മീറ്ററിന് 70 രൂപയും ആണ്. 2020-21 വർഷത്തിൽ പഞ്ചായത്ത് കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ നികുതി കണക്കാക്കിയത് പരിശോധിച്ചതിൽ നിന്നും ഒരു കെട്ടിടത്തിന് കെട്ടിടത്തിന് യഥാവിധി നികുതി കണക്കാക്കിയിട്ടില്ലന്നും മറ്റൊരു കെട്ടിടത്തിന് അധികരിച്ച നിരക്കിൽ നികുതി ഈടാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പറുകൾ | ആകെ വിസ്തീർണ്ണം | ഈടാക്കേണ്ട നികുതി നിരക്ക് | ഈടാക്കിയത് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 3/402 A-D | 257.1 | 50/ച.മീ. | 30/ച.മീ | |
| 2 | 12/173 A-AT | 939.83 | 50/ച.മീ. | 70/ച.മീ | സ്ഥല പരിശോധന നടത്തിയതിൽ ടി കെട്ടിടം സൂപ്പർ മാർക്കറ്റോ ഷോപ്പിംഗ് മാളോ ആയിട്ടില്ല പ്രവർത്തിക്കുന്നത് എന്ന് ബോധ്യപ്പെട്ടു. |

നികുതി പുന:നിർണ്ണയിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.14/20-21 തി.18-06-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-17 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

നി.ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ .

(A) GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

(B) കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ഭരണസമിതിയുടെ അംഗീകാരത്തോടെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല.

(C) തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ, താഴെ പറയുന്ന പ്രവൃത്തി പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ദീർഘിപ്പിക്കരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന നൽകുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.maximum 100000)

വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | പദ്ധതി വിശദാംശം | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | പ്രവൃത്തി: വടപുറം ST കോളനി പൊതു കിണർ പുനരുദ്ധാരണം 256/21<br>അടങ്കൽ: 150000 രൂപ (TSP Fund)<br>കരാറുകാരൻ: ശ്രീ മുഹമ്മത് താരീഖ്<br>കരാർ: 85/AE/17-18/16-12-17 (ER)<br>PAC: 149676 രൂപ<br>അളവ് പുസ്തകം: 85/17-18<br>ചെലവ്: 146607രൂപ<br>വൗച്ചർ നമ്പർ: 33/20-21/20-4-20<br>കരാർ കാലവധി: 6 മാസം<br>(16-12-17 ന് കരാർ വെച്ചെങ്കിലും 20-3-20 ന് മാത്രമാണ് പ്രവൃത്തി തുടങ്ങുന്നതും അവസാനിക്കുന്നതും.(20-3-20 നാണ് എല്ലാ പ്രവൃത്തികളുടെയും അളവ്, അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി യിരിക്കുന്നത്)<br>പൂർത്തീകരിക്കേണ്ട തീയതി: 15-6-18<br>പൂർത്തീകരിച്ച തീയതി: 20-3-20 (അളവ് പുസ്തകം പേജ് 47, 83/18-19), (20-3-20 നാണ് എല്ലാ പ്രവൃത്തികളുടെയും അളവ്, അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്) | 16-6-18 To 15-9-18 @ 1 %: 1496.76<br>16-9-18 To 15-12-18 @ 2 %: 2993.52<br>16-12-18 To 15-3-19 @ 2 %: 2993.52<br>16-3-19 To 15-6-19 @ 2 %: 2993.52<br>16-6-19 To 15-9-19 @ 2 %: 2993.52<br>16-9-19 To 15-12-19 @ 2 %: 2993.52<br>16-12-19 To 15-3-20 @ 2 %: 2993.52<br>16-3-20 To 20-3-20 @ 2 %: (5 Days)<br>2993.52 X 5/90 = 166.30<br>TOTAL: 19624.18<br>le 19624 രൂപ |

മേൽ പ്രകാരമുള്ള പിഴ 19624 രൂപ മേൽ പ്രവത്തിയുടെ കരാറുകാരനിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 9/17-6-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും വിശദവിവരം ലഭ്യമാക്കി, ഫയൽ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച്, പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ, പട്ടികയിലെ പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് കെ.എം.എസ്.സി.എല്ലിന് അവരുടെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരമുള്ള തുക മുൻകൂറായി ഒടുക്കിയിട്ടുണ്ട്. മരുന്നുകൾ യാതൊന്നും ലഭ്യമായ വിവരം ഫയലിൽ ഇല്ല.

| പ്രോജക്ട് | ബിൽ/ചെക്ക് നം. | തുക | പ്രൊഫോർമ | ആകെ ലഭിച്ച | ശേഷിക്കുന്ന |
|---|---|---|---|---|---|

| | | | ഇൻവോയ്സ് നം./തീയതി | മരുന്നുകളുടെ വില ഇൻവോയ്സ് | തുക | മരുന്നുകളുടെ വില |
|---|---|---|---|---|---|---|
| 178/21, പി.എച്ച്.സി യിലേയ്ക്ക് മരുന്ന്, ഫർണ്ണീച്ചർ, ലാബ് റീഏജന്റ് വാങ്ങൽ | 28000954492/16.01.21 | 9,00,000 | PRF3731/ 01.12.20 | -- | -- | 9,00,000 |
| 184/21,വയോജനങ്ങൾക്ക് ജനറൽ ഒ.പി വഴി മരുന്ന് വിതരണം | 28000954490/16.01.21 | 4,00,000 | PRF3115/ 23.10.20 | -- | -- | 4,00,000 |
| ആകെ | | | | | | 13,00,000 |

മരുന്നുകൾ ലഭ്യമായ വിവരം അറിയിക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി (നം.16 /18.06.2022)]

## 1-19 മരാമത്ത് പ്രവൃത്തികളിലെ അധിക ചെലവ്- 25541 രൂപ തിരിച്ചടച്ചു.

മമ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 17-6-2022 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിലും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവിന്റെ ഫയൽ പരിശോധനയിലും കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ 6/17-6-22, 8/17-6-22) മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് താഴെ പറയും പ്രകാരം 25541 രൂപ അടവാക്കുകയുണ്ടായി.

വിശദാംശം താഴെ കൊടുക്കുന്നു .

| ക്ര നം | പ്രവൃത്തി | അപാകത | തിരിച്ചടച്ച തുക(12%GSTഉൾപ്പെടെ) | രശീതി നംപർ/ തീയതി |
|---|---|---|---|---|
| 1 | തെക്കുംപാടം അംഗനവാടിക്ക് മുകളിൽ വനിതാ സൗഹൃദകേന്ദ്രം പൂർത്തീകരണം 366/21<br>കരാറുകാരൻ: സിയാസ് കെ | Single Section പ്രവൃത്തിക്ക് (Purlin) Truss Work (10.16.1) ന്റെ നിരക്ക് നൽകി.<br>(82.47 Kg X 118.28=9754.55) -(82.47kg X 106.88=8814.39) | 1053 രൂപ | 1220100874/ G100301/ 17-6-22 |
| 2 | വടപുറം GMLPS അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ 355/21<br>കരാറുകാരൻ: മുഹമ്മത് താരീഖ് | Single Section പ്രവൃത്തിക്ക് (Purlin, Post)truss Work(10.16.1) ന്റെ നിരക്ക് നൽകി.<br>(318.56 Kg X 118.28 =37679.27)-<br>(318.56kg X 106.88 =34047.69) | 4068 രൂപ | 1220100867/ G100301/ 17-6-22 |
| 3 | PHC കെട്ടിടം മേൽക്കൂര ഷീറ്റിടൽ 353/21<br>കരാറുകാരൻ: മുഹമ്മത് താരീഖ് | Single Section പ്രവൃത്തിക്ക് (Purlin, Post)truss Work(10.16.1) ന്റെ നിരക്ക് നൽകി<br>(273.96 Kg X 118.28 = 32403.98)-(273.96kg X 106.88 =29280.84) | 3498 രൂപ | 1220100872/ G100301/ 17-6-22 |
| 4 | പ്രളയാനന്തരം: PHC കെട്ടിടം മെയ്ന്റനൻസ്, 283/20<br>കരാറുകാരൻ: അനീഷ് പി | Single Section പ്രവൃത്തിക്ക് Truss Work(10.16.1) ന്റെ നിരക്ക് നൽകി<br>(487.13 Kg X 118.28 = 57617.74)-<br>(487.13kg X 106.88 = 52064.45) | 6620 രൂപ | 1220100863/ G100301/ 17-6-22 |
| 5 | വടപുറം GMLPS ടോയ്ലറ്റ് നിർമാണം 161/21<br>കരാറുകാരൻ: റിയാസ് ബാബു | Single Section പ്രവൃത്തിക്ക് Truss Work(50.10.1) ന്റെ നിരക്ക് നൽകി<br>(109.06 Kg X 131.26 = 14315.22)- | 2978 രൂപ | 1220100880/ G100301/ 17-6-22 |

| | | | | |
|---|---|---|---|---|
| | | (109.06kg X 106.88 = 11656.33) | | |
| 6 | ഷോപ്പിംഗ് കോംപ്ലക്സ് സൺഷേഡ് ഷീറ്റിടൽ, 197/21<br>കരാറുകാരൻ: സുൽഫീകറലി | 0.30 Mm കനത്തിൽ മേഞ്ഞ ഷീറ്റിന് 0.35 Mm കനമുള്ള ഷീറ്റിന്റെ തുക നൽകി<br>(36.653 M2 X 560.78 = 20554.22)-<br>(36.653 M2 X 477.42 = 17498.87) | 3422 രൂപ | 1220100875/ G100301/ 17-6-22 |
| 7 | ഇപ്പൂട്ടിങ്ങൽ കുടിവെള്ള പദ്ധതി പൂർത്തീകരണം 159/21 കരാറുകാരൻ. ശ്രീ സഫ്ഹറലി പി ടി | 18% ജി.എസ്.ടി ഉൾപ്പെടെ KSEB ൽ അടവാക്കിയ തുകക്ക് കരാറുകാരന് വീണ്ടും 12 % ജി.എസ്.ടി നൽകി.<br>KSEB ക്ക് നൽകിയ തുക: 6222 രൂപ | 6222 രൂപയുടെ 12 % GST:<br>747 രൂപ | 1220100873/ G100301/ 17-6-22 |
| 8 | കമ്പനിക്കുന്ന് കോളനി കുടിവെള്ള പദ്ധതി കരാറുകാരൻ. ശ്രീ ഷിൻഷാബി കമൽ | 18% ജി.എസ്.ടി ഉൾപ്പെടെ KSEB ൽ അടവാക്കിയ തുകക്ക് കരാറുകാരന് വീണ്ടും 12 % ജി.എസ്.ടി നൽകി.<br>KSEB ക്ക് നൽകിയ തുക: 18912 രൂപ | 18912 രൂപയുടെ 12 % GST:<br>2269 രൂപ | 1220100872/ G100301/ 17-6-22 |
| 9 | ചെറുകാട് വീരാൻകുട്ടി റോഡ് പുനരുദ്ധാരണം 342/21 കരാറുകാരൻ. ശ്രീ പ്രസന്നൻ | 18% ജി.എസ്.ടി ഉൾപ്പെടെ KSEB ൽ അടവാക്കിയ തുകക്ക് കരാറുകാരന് വീണ്ടും 12 % ജി.എസ്.ടി നൽകി.<br>KSEB ക്ക് നൽകിയ തുക: 7387 രൂപ | 18912 രൂപയുടെ 12 % GST:<br>886 രൂപ | 1220100871/ G100301/ 17-6-22 |
| | | ആകെ | 25541 രൂപ | |

ഇത്തരം അപാകതകൾ വരാതെ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സാക്ഷരത പ്രേരക് ഹോണറേറിയം തിരികെ ലഭ്യമാക്കുന്നതിനു തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ജി ഒ (സാധാ) 626/21/എൽഎസ്ജിഡി തിയ്യതി 26.2.2021 ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരക്മാർക്ക് 2020 ഡിസംബർ മുതലുള്ള മാസങ്ങളിലെ ഹോണറേറിയം ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽനിന്ന് നൽകുന്നതിനു ഉത്തരവായിട്ടുണ്ട്. തുക പിന്നീട് റീഇമ്പേഴ്സ് ചെയ്ത് തരുന്നതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. വൗച്ചർ നമ്പർ 2200458/24.3.2021 പ്രകാരം 2020 ഡിസംബർ 2021 ജനുവരി മാസങ്ങളിലെ ഹോണറേറിയം 17600 രൂപ മമ്പാട് തുടർവിദ്യാകേന്ദ്രം സാക്ഷരതാ പ്രേരകിനു നൽകിയിട്ടുണ്ട്. ആയത് റീഇമ്പേഴ്സ് ചെയ്ത് കിട്ടുന്നതിനു തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ് . (ഓഡിറ്റ് എൻക്വയറി നമ്പർ 2/16.6.22)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 10.6.2022 മുതൽ 18.06.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തിൽ സംയുക്ത പ്രവർത്തികൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 782353 | സമഗ്ര നെൽകൃഷി വികസനം (2/20-21) | 782353 | 0 |
| | 133200 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (223/20) | 133200 | 0 |
| | 461000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (165/20-21) | 461000 | 0 |
| | 452044 | ക്ഷീര സംഘങ്ങൾ മുഖേനെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി (240/20-21 ) | 452044 | 0 |
| | 200000 | ലൈഫ് ഭവന പദ്ധതി എസ്.സി(246/20-21) | 200000 | 0 |
| | 245000 | സുഭിക്ഷ കേരളം (391/21) | 245000 | 0 |
| ജില്ല പഞ്ചായത്ത് | 1000000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (165/20-21) | 1000000 | 0 |
| | 7597333 | ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങൽ - പൊതു വിഭാഗം (248/20-21) | 7597333 | 0 |
| | 1350000 | ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങൽ - എസ്.സി (249/20-21) | 1350000 | 0 |
| | 2200000 | ലൈഫ് ഭവന പദ്ധതി പൊതു വിഭാഗം (7/20-21) | 2200000 | |
| | 100000 | ലൈഫ് ഭവന പദ്ധതി എസ്.സി(242/20-21) | 100000 | 0 |
| | 225000 | ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങൽ - എസ്.ടി (249/21) | 225000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 222/21<br>സ്ട്രീറ്റ് മെയിൻ – മീറ്റർ സ്ഥാപിക്കൽ | 2015075200900117 5698/ 02.03.21 | 100912<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | 0 | 100912 |

| | | | | | |
|---|---|---|---|---|---|
| KSEB | 45/21 പാലാപറമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 2015075200900067505 7/ 30.10.20 | 55858 (വികസനഫണ്ട്SCP) | 0 | 55858 |
| KWA | 412/21 നടുവക്കാട് മില്ലുംപടി പൈപ്പ്ലൈൻ നീട്ടൽ | 20150752009001309055/ 23.03.21 | 50000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 0 | 50000 |
| KWA | 226/21 അമ്പലക്കുന്ന് KWA പൈപ്പ് ലൈൻ നീട്ടൽ | 20150752009001309057/ 23.03.21 | 30000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 0 | 30000 |
| KWA | 33/21 വടപുറം KWA പൈപ്പ് ലൈൻ നീട്ടൽ | 20150752009001272641/ 23.03.21 | 130000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 0 | 130000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KUDFC | G.O.MS. 68/2018/LSGD Dt.18.5.2018 | 17360000 | 19935369 | 2017379 | - | 35277990 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12 /3(1) | 2014-15 അധ്യായം - 4 | നിഷ്ക്രിയ ആസ്തികൾ അവലോകനം. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12/ 3(2) | 2014-15 അധ്യായം - 4 | മണൽ വാരൽ അവലോകനം. | |
| 2015-16/3(21) | 2016-17 | മരാമത്ത് പ്രവൃത്തികൾ മാർക്കറ്റ് നിരക്ക് പരിഗണിക്കാത്തതിനാൽ അധിക ചെലവ് | |
| 2014-15/3(1) | 2015-16 | വെള്ളക്കരം അവലോകനം | |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | സർട്ടിഫിക്കറ്റ് നമ്പർ, തിയ്യതി. | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | തുക |
|---|---|---|---|---|
| 2007- 08 | 3-7 | LF 8584/ Spl.cell/SCD1/12 26.9.14 | K.k.മുഹമ്മദ് ഷരീഫ് സെക്രട്ടറി. | 18680 |

## 4-9 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 131214834 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 129341155 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1995-96 | കെ.എസ്.എ .എം.പി.എം10/1697/18/05.09.18 | 7 |
| 2 | 2001-02 | കെ.എസ്.എ .എം.പി.എം10/1388/19/28.12.20 | 09 |
| 3 | 2002-03 | കെ.എസ്.എ .എം.പി.എം10/1389/19/28.12.20 | 2 |
| 4 | 2004-05 | കെ.എസ്.എ .എം.പി.എം10/1469/19(2)/21.12.20 | 2 |
| 5 | 2005-06 | കെ.എസ്.എ.എം.പി.എം10/1469/19/21.12.20 | 2 |
| 6 | 2006-07 | കെ.എസ്.എ .എം.പി.എം10/1516/19(1 /21.12.20 | 6 |
| 7 | 2007-08 | കെ.എസ്.എ .എം.പി.എം10/1516/19(2)/21.12.20 | 8 |

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 8 | 2008-09 | കെ.എസ്.എ .എം.പി.എം10/1891/19(1)/21.12.20 | 7 |
| 9 | 2009-10 മുതൽ 2010-11 വരെ | കെ.എസ്.എ .എം.പി.എം10/1891/19(2)/21.12.20 | 29 |
| 10 | 2011-12 | കെ.എസ്.എ .എം.പി.എം10/392/20/21.12.20 | 7 |
| 11 | 2012-13 ന 2013-14 വരെ | എൽ.എഫ്.എം.7/1410/2015/22.04.16 | 27 |
| 12 | 2014-15 | കെ.എസ്.എ.എം.പി.എം.26/731/2016 തി.08.03.17 | 18 |
| 13 | 2015-16 | കെ.എസ്.എ.എം.പി.എം.26/3447/2016 തി.23.03.18 | 22 |
| 14 | 2016-17 | കെ.എസ്.എ.എം.പി.എം.10/1803/2017 തി.13.07.18 | 26 |
| 15 | 2017-18 | കെ.എസ്.എ.എം.പി.എം.10/498/2019 തി.06.05.19 | 23 |
| 16 | 2018-19 | കെ.എസ്.എ.എം.പി.എം.10/1759/2019 തി.29.06.20 | 20 |
| 17 | 2019-20 | കെ.എസ്.എ.എം.പി.എം.10/810/2022 തി.03.06.22 | 31 |

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.6/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്